(സി) 2006 മുതൽ 2014 വരെ സർക്കാർ വകുപ്പുകൾ റിപ്പോർട്ട് ചെയ്ത എത്ര ഒഴിവുകളാണ് പി.എസ്.സി.-യിൽ ലഭിച്ചിട്ടുള്ളത് ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ഉന്നത ഉദ്യോഗസ്ഥർക്കെതിരെയുള്ള കേസുകളും നടപടികളും

35 (4366) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പ് അദ്ധ്യക്ഷൻമാർ, വകുപ്പ് സെക്രട്ടറിമാർ മുതലായ ഉന്നത ഉദ്യോഗസ്ഥരിൽ ആർക്കെല്ലാമെതിരെ വിവിധ കുറ്റങ്ങൾക്ക് നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥരിൽ ആരെയൊക്കെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ടെന്നും അവർക്കെതിരായ കേസ്സുകളുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പ് സെക്രട്ടറിമാർ, അഖിലേന്ത്യാ സർവ്വീസിൽപ്പെട്ട വകുപ്പ് അദ്ധ്യക്ഷൻമാർ എന്നിവരിൽ ശ്രീ. ടി. ഒ. സൂരജ് ഐ.എ.എസ്., ഡോ. ബി. അശോക് ഐ.എ.എസ്., ശ്രീ. ജോസ് ഐസക് ഐ.എ.എസ്. എന്നിവർക്കെതിരെ അച്ചടക്ക നടപടിയെടുത്തിട്ടുണ്ട്. അഖിലേന്ത്യാ സർവ്വീസിൽ ഉൾപ്പെടാത്ത വകുപ്പദ്ധ്യക്ഷൻമാരെ സംബന്ധിക്കുന്ന വിവരം ശേഖരിച്ചുനൽകുന്നതാണ്. അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട് സസ്പെൻഡ് ചെയ്യപ്പെട്ട ശ്രീ. ടി. ഒ. സൂരജ് ഐ.എ.എസ്-നെ ഇതുവരെയും സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടില്ല. ടിയാനെതിരെയുള്ള അച്ചടക്ക നടപടി തുടരുന്നു.

ഡെപ്യൂട്ടി കളക്ടർമാരുടെ ഐ.എ.എസ്.

36 (4367) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡെപ്യൂട്ടി കളക്ടർമാർക്കു ഐ.എ.എസ്. പ്രൊമോഷൻ നൽകി വന്നിരുന്ന നിയമനത്തിലോ വ്യവസ്ഥകളിലോ എന്തെങ്കിലും ഭേദഗതി വന്നിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ 2014-ൽ ഐ.എ.എസ്. പ്രൊമോഷനു അർഹരായ ഡെപ്യൂട്ടി കളക്ടർമാർക്ക് അവസരം നിഷേധിച്ചതിന്റെ കാരണം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly